(ബി) 2014-15, 2015-16 എന്നീ വർഷങ്ങളിൽ ഇത്തരം പദ്ധതികളുടെ നടത്തിപ്പിനായി സംസ്ഥാന സർക്കാരിന്റെ വിഹിതമായ തുക അനുവദിക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ; വകയിരുത്തപ്പെട്ടതിന്റെ എത്ര ശതമാനം പ്രസ്തുത വർഷങ്ങളിൽ പിൻവലിക്കപ്പെട്ടു;

(സി) ഉത്പാദന-ക്ഷേമ മേഖലയ്ക്ക് വൻകുതിപ്പേകുമായിരുന്ന ഇത്തരം പദ്ധതികൾക്ക് സംസ്ഥാന വിഹിതം അനുവദിക്കാത്തതുമൂലം പ്രതിസന്ധി നേരിടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിന് നടപടികൾ ആവിഷ്കരിക്കുവാൻ തയ്യാറാകുമോ?

ഉത്തരം

(എ) നടത്തിയിട്ടുണ്ട്. എല്ലാ മാസവും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നടക്കുന്ന സെക്രട്ടറിമാരുടെ യോഗത്തിൽ പദ്ധതി നിർവ്വഹണത്തെക്കുറിച്ചുള്ള അവലോകനം നടത്തുകയും കാര്യക്ഷമമായ പദ്ധതി നടത്തിപ്പിനുവേണ്ടിയുള്ള നിർദ്ദേശം നൽകുകയും ചെയ്യാറുണ്ട്.

(ബി) കേന്ദ്ര സംസ്ഥാന സർക്കാർ സംയുക്തമായി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്ര വിഹിതത്തിന് ആനുപാതികമായ സംസ്ഥാന വിഹിതം അതാത് പദ്ധതികളുടെ ഫണ്ടിംഗ് പാറ്റേൺ അനുസരിച്ച് ബഡ്ജറ്റിൽ വകയിരുത്തുകയും ഓരോ പദ്ധതികളുടെയും വ്യവസ്ഥയനുസരിച്ച് കേന്ദ്ര വിഹിതം ലഭിക്കുന്ന മുറയ്ക്കോ മുൻകൂറായോ (റീ-ഇംബേഴ്സ്മെന്റ് അടിസ്ഥാനത്തിൽ) കേന്ദ്ര വിഹിതത്തോടൊപ്പം സംസ്ഥാന വിഹിതവും അനുവദിക്കുകയാണ് ചെയ്യുന്നത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

കോതമംഗലം ബ്ലോക്കിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകൾ

17 (3219) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം ബ്ലോക്കിൽ ഗ്രാമവികസന വകുപ്പിന്റെ സ്വന്തം കെട്ടിടമുള്ള എത്ര വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകൾ ഉണ്ട്; ഇവയിൽ ഏതെല്ലാം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകൾ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്; പല ഓഫീസുകളും സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കാത്തതിന്റെകാരണം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ഓഫീസുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി ഗ്രാമവികസന വകുപ്പിൽ നിന്നും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) കോതമംഗലം ബ്ലോക്ക് വിഭജിച്ച് കോതമംഗലം, കവളങ്ങാട് എന്നീ രണ്ടു ബ്ലോക്കുകൾ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) കോതമംഗലം ബ്ലോക്കിലെ മുഴുവൻ പഞ്ചായത്തുകളിലും തൊഴിലുറപ്പ് പദ്ധതിയുടെ മൊബൈൽ മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കുമോ?

ഉത്തരം

(എ) 9 എണ്ണം. പോത്താനിക്കാട്, വാരപ്പെട്ടി, അടിവാട്, കടവൂർ, വടാട്ടുപാറ, നേര്യമംഗലം, ചെറുവട്ടൂർ എന്നീ 7 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകൾ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. പഞ്ചായത്ത് രാജ് ആക്ട് പ്രകാരം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരെ ഗ്രാമപഞ്ചായത്തിന് വിട്ടു കൊടുത്തിട്ടുള്ളതിനാൽ ഗ്രാമപഞ്ചായത്തിന്റെ തീരുമാനപ്രകാരമാണ് മറ്റുള്ള ഓഫീസുകൾ ഗ്രാമപഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്.

(ബി) ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയിലുള്ള വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകൾ കാലാകാലങ്ങളിൽ മെയിന്റനൻസ് നടത്തി വരുന്നുണ്ട്.

(സി) ഇല്ല.

(ഡി) പങ്കാളിത്ത ആസൂത്രണ പ്രക്രിയയിലൂടെ ലേബർ ബഡ്ജറ്റും വാർഷിക കർമ്മ പദ്ധതിയും രൂപീകരിക്കുന്നതിന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ള 22 ബ്ലോക്കുകളിൽ മാത്രമേ മൊബൈൽ മോണിറ്ററിംഗ് സിസ്റ്റം പരീക്ഷണാർത്ഥം നടപ്പിലാക്കുന്നുള്ളൂ. കോതമംഗലം ബ്ലോക്ക് പ്രസ്തുത പട്ടികയിലുൾപ്പെട്ടിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതി വിഹിതച്ചെലവ്

18 (3220) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്ലോക്ക് പഞ്ചായത്തുകൾക്ക് 2015-16 ലെ ബഡ്ജറ്റിൽ എത്ര രൂപയാണ് പദ്ധതി വിഹിതമായി നീക്കിവച്ചിരുന്നത്;

LIBRARY ARCHIVES Kerala Legislative Assembly